# സ്ത്രീസുരക്ഷ രാജ്യപുരോഗതിയുടെ അടയാളം: അമ്മ



മാതാ അമൃതാനന്ദമയീദേവി പരിപാടി ഉദ്ഘാടനം ചെയ്യാനെത്തിയ ഗവർണർ ഷീല ദീക്ഷിതിനൊപ്പം

**അമൃതപുരി:** സ്ത്രീയുടെ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പുവരുത്തിയാൽ മാത്രമേ ഏതൊരു രാജ്യവും പുരോഗമിച്ചു എന്നു പറയാൻ കഴിയുകയുള്ളൂ എന്ന് മാതാ അമൃതാനന്ദമയീദേവി.

സ്ത്രീ ഉണരണം. ഉയർത്തെഴുന്നേൽക്കണം. അതു കാലഘട്ടത്തിന്റെ ആവശ്യമാണ്. അബലയും നിസഹായയുമായ സ്ത്രീയുടെ കാലം കഴിഞ്ഞു. അറിവും ആത്മാഭിമാനവും കാര്യശേഷിയും കാരുണ്യവുമുള്ള സ്ത്രീയുടെ ഉയർച്ചയിലാണ് ഭാവിലോകത്തിന്റെ ഉയർച്ച നിലകൊള്ളുന്നത്. പുരുഷനോടു തോളോടു തോൾചേർന്ന് ഒരു പുതിയ ലോകം സൃഷ്ടിക്കാനുള്ള ശക്തി സ്ത്രീയിലുണ്ട്. സ്ത്രീയുടെ ഉയർച്ച സ്ത്രീയുടെ മാത്രം ഉയർച്ചയല്ല. മനുഷ്യരാശിയുടെയും സമസ്ത ലോകത്തിന്റെയും ഉയർച്ചയാണെന്ന് അമ്മ പറഞ്ഞു. അമൃതപുരിയിൽ നടന്ന സ്ത്രീശാക്തീകരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അമ്മ. പല തരത്തിലുള്ള ജീവിത പ്രശ്നങ്ങൾ നേരിടുന്ന സാധാരണക്കാരായ ധാരാളം സ്ത്രീകളിൽ ഒരു നല്ല മാറ്റം കൊണ്ടുവരാൻ നമുക്കു കഴിഞ്ഞു. കുടുംബ ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും ഇന്ന് സ്ത്രീകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ചെറുതല്ല.

ദാരിദ്ര്യത്തിന്റെ പ്രശ്നങ്ങളുണ്ട്. കുടുംബത്തിലെ പ്രശ്നങ്ങൾ ഉണ്ട്. സുരക്ഷിതത്വത്തിന്റെ പ്രശ്നങ്ങൾ ഉണ്ട്. ഒരു തൊഴിൽ കണ്ടെത്തി സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്നത് വലിയൊരു ആശ്വാസമാണ്. എന്നാൽ അവിടെയും പ്രശ്നങ്ങൾ ഉണ്ട്. വീട്ടിലെ കാര്യങ്ങളും കുട്ടികളുടെ പ്രശ്നങ്ങളും ജോലിയും എല്ലാം കൂടിയാകുമ്പോൾ, സ്ത്രീകൾക്ക് ആത്മവിശ്വാസവും പരിശീലനവും ശരിയായ മാർഗദർശനവും നൽകുമ്പോൾ അവരുടെ ജീവിതത്തിന് ഒരു പുതിയ അർത്ഥം കൈവരികയാണെന്ന് അമ്മ ഓർമ്മിപ്പിച്ചു.